jaagrathayude
**Keraleeyam**
2013 October
**Rs. 25/-**

# കാതിക്കുടം: കമ്പനി പൈപ്പ് പ്രതിസന്ധിയിൽ

**രാഷ്ട്രീയ** സമ്മർദ്ദത്താലും അധികാര സ്വാധീനത്താലും നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് കമ്പനി നടത്തുന്ന തുടർച്ചയായ പ്രതിരോധ ശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് കാതിക്കുടത്തെ ജനകീയ സമരം ശക്തമായി മുന്നോട്ട് പോവുകയാണ്. മലിനീകരണം ഒഴിവാക്കാതെയും വിഭവങ്ങൾ യഥേഷ്ടം ചൂഷണം ചെയ്തും ജനാധിപത്യ സംവിധാനങ്ങളെ വിലയ്ക്കെടുത്തും കാതിക്കുടത്ത് തുടരാമെന്ന എൻ.ജി.ഐ.എൽ കമ്പനിയുടെ ദുശ്ശാഠ്യങ്ങൾ അനുദിനം പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. തൊഴിലാളികളുടെ സംഘശക്തിയെ മുന്നിൽ നിർത്തി കൊള്ളലാഭം കൊയ്യൽ തുടരുക എന്ന തന്ത്രം മാത്രമാണ് ഇപ്പോഴും ഫലപ്രദമായ രീതിയിൽ കമ്പനിക്ക് പ്രയോഗിക്കാൻ കഴിയുന്നത്. എന്നാൽ സെപ്തംബർ 19ന് പുഴയിലേക്ക് പോകുന്ന കമ്പനിയുടെ മാലിന്യപൈപ്പ് പലയിടത്തും ചോർന്നൊലിച്ച് കാതിക്കുടത്തെ ഏക്കറുകണക്കിന് പാടങ്ങളിൽ മാലിന്യം നിറഞ്ഞതോടെ കമ്പനി വീണ്ടും പ്രതിരോധത്തിലായി. അതിരൂക്ഷമായ ദുർഗന്ധമാണ് പൈപ്പ് ചോർന്ന് പാടത്ത് പരന്ന മാലിന്യങ്ങളിൽ നിന്നും വമിച്ചുകൊണ്ടിരിക്കുന്നത്. സെപ്തംബർ 23ന് ജില്ലാ കളക്ടർ എം.എസ്. ജയയും കെ.പി. ധനപാലൻ എം.പിയും ബി.ഡി. ദേവസ്സി എം.എൽ.എയും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരും രാസമാലിന്യം പടർന്നൊഴിക പാടങ്ങൾ സന്ദർശിച്ചിരുന്നു. മാലിന്യപ്രശ്നം ഗൗരവമുള്ളതായി ബോധ്യപ്പെട്ടതായും വിവരം മുഖ്യമന്ത്രി അറിയിക്കുമെന്നും അദ്ദേഹമാണ് തീരുമാനമെടുക്കേണ്ടതെന്നുമാണ് കളക്ടർ പ്രതികരിച്ചത്.

തുടർദിവസങ്ങളിൽ പാടത്തെ പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ള കമ്പിനിയുടെ ശ്രമത്തെ ആക്ഷൻ കൗൺസിൽ പ്രവർത്തകർ പരാജയപ്പെടുത്തി. വയലിൽ കെട്ടിക്കിടക്കുന്ന മാലിന്യം തോട്ടിലേക്കും അതുവഴി കുടിവെള്ള ശ്രോതസ്സുകളിലേക്കും എത്താനുള്ള സാധ്യത കാതിക്കുടത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പാടങ്ങളിലൂടെയും സ്വകാര്യവ്യക്തികളുടെ പറമ്പുകളിലൂടെയും പഞ്ചായത്ത് തോട്ടിലൂടെയും സഞ്ചരിച്ചാണ് കമ്പനിയുടെ മാലിന്യ പൈപ്പ് ചാലക്കുടി പുഴയിലേക്ക് എത്തുന്നത്. ഒരുപാട് കാലപ്പഴക്കമുള്ള, ഏറെ കേടുപാടുകൾ പറ്റിയ ഈ പൈപ്പ് മാറ്റാതെ കമ്പനിക്ക് തുടർന്ന് പ്രവർത്തിക്കാൻ കഴിയില്ലെന്നാണ് കാതിക്കുടത്തെ സമീപ സംഭവങ്ങൾ വ്യക്തമാക്കുന്നത്. പൈപ്പ് മാറ്റി സ്ഥാപിക്കാൻ കമ്പനിയെ അനുവദിക്കില്ല എന്ന ഉറച്ച നിലപാടിലാണ് ആക്ഷൻ കൗൺസിൽ. വരുന്ന ദിവസങ്ങളിൽ കമ്പനി നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി മാറുകയാണ് ഈ പ്രശ്നം. മാറ്റിയിടാനുള്ള പുതിയ പൈപ്പുകൾ കമ്പനിക്കുള്ളിൽ അവർ തയ്യാറാക്കിയിട്ടുണ്ട്. സർക്കാറിന്റെയോ കോടതിയുടെ പിന്തുണയോടെ പൈപ്പ് മാറ്റാൻ കഴിയും എന്ന പ്രതീക്ഷയിലാണ് കമ്പനി. ഇതുതടയുന്നതിനായി ആക്ഷൻ കൗൺസിൽ പ്രവർത്തകർ പൈപ്പ് കടന്നുപോകുന്ന പാടത്തിനരികിൽ കുടിൽ കെട്ടി രാത്രിയിലും കാവലിരിക്കുകയാണ്.

പ്രവർത്തനം താത്കാലികമായി നിലച്ചെങ്കിലും കമ്പനി നിയമവിരുദ്ധ പ്രവർത്തനങ്ങൾ തുടരുകയാണ്. കമ്പനിയിൽ നിന്നുള്ള ഖരമാലിന്യം നന്നായി ഉണക്കിയശേഷം ഖരരൂപത്തിൽ മാത്രമേ പുറത്തേക്ക് കൊണ്ടുപോകാവൂ എന്ന് മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ തീരുമാനിച്ച 16 ഇന പരിപാടിയിൽ പ്രത്യേകം പറയുന്നുണ്ട്. എന്നാൽ കമ്പനിയിൽ നിന്നും ഖരമാലിന്യം പുറത്തേക്ക് കൊണ്ടുപോയ ലോറിയിൽ നിന്നും വെള്ളം ചോർന്നൊലിക്കുന്നതായി കണ്ട്, സെപ്തംബർ 27ന് ആക്ഷൻ കൗൺസിൽ പ്രവർത്തകർ മൂന്ന് ലോറികൾ കാതിക്കുടത്തും കൊരട്ടിയിലുമായി തടഞ്ഞു. ഖരമാലിന്യത്തിൽ നിന്നും ചോർന്നൊലിക്കുന്ന ആ വെള്ളത്തിന് അതിരൂക്ഷമായ ദുർഗന്ധമുണ്ടായിരുന്നു. ഇതിനെതിരെ നടപടിയെടുക്കുമെന്ന് അധികൃതരുടെ ഭാഗത്ത് നിന്നും ഉറപ്പ് ലഭിച്ചതിനെ തുടർന്നാണ് ലോറികൾ പോകാൻ അനുവദിച്ചത്. ഈ ഖരമാലിന്യം കമ്പനി എന്താണ് ചെയ്യുന്നതെന്ന് വ്യക്തമല്ലെങ്കിലും പാലക്കാട് ജില്ലയുടെ കിഴക്കൻ അതിർത്തിയലെ ചെമ്മണാംപതിയിലുള്ള ഒരു ഫാം ഹൗസിലേക്കാണ് മാലിന്യം പോകുന്നതെന്ന് ലോറിയിൽ നിന്നും കിട്ടിയ ബില്ലുകൾ വ്യക്തമാക്കുന്നു. കാർഷിക മേഖലയായ പാലക്കാടിന്റെ കിഴക്കൻ ഗ്രാമങ്ങളിലേക്ക് പോകുന്ന ഈ മാരകമാലിന്യം കൃഷിയിടങ്ങളിൽ വളമായി ഉപയോഗിക്കപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

കാതിക്കുടത്ത് എൽ.ഡി.എഫ് സമരസമിതി രൂപീകരിച്ചു എന്നതാണ് അടുത്തിടെയുണ്ടായ പ്രധാന രാഷ്ട്രീയ സംഭവം. സെപ്തംബർ 21ന് കാതിക്കുടം യു.പി സ്കൂളിൽ ഇടതുപക്ഷം സംഘടിപ്പിച്ച സമരപ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്തത് സി.പി.എം ജില്ലാ സെക്രട്ടറി എ.സി. മൊയ്തീനായിരുന്നു. കെ.കെ. നസീറിനെ സമരസമിതി ചെയർമാനായും ടി.വി. സുരേഷ്കുമാറിനെ കൺവീനറായും യോഗം തിരഞ്ഞെടുത്തു. തുടർന്ന് എൽ.ഡി.എഫും കമ്പനിക്കെതിരായി സമരത്തിൽ സജീവമായി. കമ്പനിയുടെ മറ്റൊരു വശത്തായി അവർ സമരപന്തൽ തീർത്തു. എൻ.ജി.ഐ.എൽ കമ്പനി അടച്ചുപൂട്ടുക എന്ന മുദ്രാവാക്യമാണ് ആദ്യം എൽ.ഡി.എഫിന്റെ ജനകീയ സമിതി മുന്നോട്ട് വച്ചിരുന്നതെങ്കിലും, മലിനീകരണം ഒഴിവാക്കുക എന്നതിലേക്ക് തുടർ ദിവസങ്ങളിൽ അവർ മുദ്രാവാക്യം ചുപുക്കി. എൽ.ഡി.എഫിലുള്ള രാഷ്ട്രീയ കക്ഷികളുടെ അനുബന്ധ തൊഴിലാളി യൂണിയനുകൾ കമ്പനി നിലനിർത്തുന്നതിനായി മറുവശത്ത് സമരം ചെയ്യുമ്പോൾ എൽ.ഡി.എഫ് ജനകീയ സമരസമിതിയുടെ വരും കാല നിലപാടുകൾ നിർണ്ണായകമാകും.

ഒക്ടോബർ ആറിന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ കാതിക്കുടം സന്ദർശിച്ചെങ്കിലും ഒരേ കാര്യത്തിന് രണ്ടു വിഭാഗങ്ങളായി തിരിഞ്ഞ് സമരം ചെയ്യുന്നതിൽ പ്രതിഷേധിച്ചാണ് വി.എസ് കാതിക്കുടത്ത് നിന്നും മടങ്ങിയത്. കാതിക്കുടത്തെത്തിയ വി.എസ് ആദ്യം ആക്ഷൻ കൗൺസിലിന്റെ പന്തലിന് അടുത്തേക്കാണ് എത്തിയതെങ്കിലും അവിടെ പ്രസംഗിക്കാൻ എൽ.ഡി.എഫ് പ്രവർത്തകർ അദ്ദേഹത്തെ അനുവദിച്ചില്ല. തുടർന്ന് എൽ.ഡി.എഫ് സമരപന്തലിലേക്ക് പോയ അദ്ദേഹം അവിടെ കയറാൻ തയ്യാറായില്ല. പന്തലിന് പുറത്ത് നിന്നും അല്പനേരം സമരത്തെ അഭിസംബോധന ചെയ്ത് അദ്ദേഹം സംസാരിച്ചു. ആക്ഷൻ കൗൺസിലിന്റെ പന്തലിൽ കയറുന്നതിൽ നിന്നും തന്നെ തടഞ്ഞത് ശരിയായ നടപടിയായില്ല എന്ന് അദ്ദേഹം സംഭാഷണത്തിൽ സൂചിപ്പിച്ചു.

**- കേരളീയം വാർത്താശൃംഖല**

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com